**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211** **02-08-2021 - ൽ മറുപടിയ്ക്ക്**

**നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി. നന്ദകുമാർ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപാര ഇടപാടുകൾ നടക്കുന്ന നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും വ്യാപാര മേഖലയിലെ അവയുടെ സാദ്ധ്യത വിപുലീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട നോൺ മേജർ തുറമുഖങ്ങളായ ബേപ്പൂർ, അഴീക്കൽ, കൊല്ലം, എന്നിവിടങ്ങളിൽ ചാനൽ ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്. കൊച്ചിയിൽ നിന്നും, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേക്ക് ചരക്കുകപ്പലുകൾ കണ്ടെയ്നർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതിനായി ബേപ്പൂരും അഴീക്കലിലും ബന്ധപ്പെട്ട വ്യാപാര സമൂഹങ്ങളുമായി മീറ്റിംഗുകൾ സംഘടിപ്പിച്ചിരുന്നു. ഈ സർവ്വീസ് കൊല്ലത്തേക്ക് നീട്ടുന്നതിന് വേണ്ടിയുള്ള ചർച്ചകൾ നടന്നു വരുന്നു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്റർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അംഗീകാരം നൽകുന്നതിനായി ധനകാര്യ പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ് / റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno - Economic Feasibility Report (TEFR) / Detailed Project Report (DPR) എന്നിവ തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ Indian Port Rail Corporation Ltd (ഐ.പി.ആർ.സി.എൽ) നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിട്ടേൺ കാർഗോ ലഭിക്കാത്ത സാഹചര്യത്തിൽ ഷിപ്പിംഗ് ലൈനുകൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനായി ഇൻസെന്റീവ് ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള ഒരു തുറമുഖം നിർമ്മിക്കുന്നതിന് വേണ്ടി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേക |

| | | | |
|---|---|---|---|
| | | | കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് വേണ്ടി ഒരു ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. പുറം കടലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിന് ഏതാണ്ട് 3000 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. PPP ആയി ഈ പ്രൊജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പൊന്നാനി തുറമുഖ വികസനത്തിന് ഒരു സ്വകാര്യ കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. ഇവരുമായി ചർച്ചകൾ നടത്തി വരികയാണ്. വിഴിഞ്ഞത്ത് ക്രൂ ചെയിഞ്ചിംഗ് ആരംഭിച്ചിട്ട് ഒരു വർഷം പിന്നിട്ടു. സംസ്ഥാനത്ത് നിന്ന് ഷിപ്പിംഗ് മേഖലയിൽ ജോലിയെടുക്കുന്ന ഒട്ടേറെ തൊഴിലാളികൾക്ക് ഈ സൗകര്യം ഉപകാരപ്രദമായിട്ടുണ്ട്. ഏതാണ്ട് നാന്നൂറോളം കപ്പലുകൾ ഇതുവരെ ക്രൂ ചെയിഞ്ചിംഗ് നടത്തി കഴിഞ്ഞു. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിഴിഞ്ഞത്ത് ഏർപ്പെടുത്തി വരുന്നു. ക്രൂ ചെയിഞ്ചിംഗിന് ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് സിസ്റ്റം തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ തുറമുഖങ്ങളിലും ആവശ്യമായ മെയിന്റനൻസ് ഡ്രഡ്ജിംഗും മെയിന്റനൻസും നടത്താൻ മാരിറ്റൈം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| (ബി) | മലബാറിലെ വ്യാവസായിക മേഖലയ്ക്ക് കുതിപ്പേകാൻ സാധ്യതയുള്ള അഴീക്കൽ തുറമുഖത്തെ ആധുനിക തുറമുഖമായി വികസിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) | മലബാർ മേഖലയുടെ ഒരു ട്രേഡിംഗ് ഹബ്ബായി അഴീക്കൽ തുറമുഖത്തെ മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. അഴിമുഖത്ത് നിന്ന് മാറി ഇതിനായി പുറം കടലിൽ മൂന്ന് ഘട്ടങ്ങളായുള്ള തുറമുഖ വികസനമാണ് ഉദ്ദേശിക്കുന്നത്. ഏതാണ്ട് മൂവ്വായിരം കോടി രൂപ ചെലവ് വരുന്ന ആദ്യ ഘട്ടത്തിന്റെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അംഗീകരിച്ചു. വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനായി M/s.Howe Engineering Projects India Pvt. Ltd. എന്ന കമ്പനി നടപടി സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പഠനങ്ങളും ഉൾനാടൻ ബിസിനസ്സ് വികസന (hinterland business development) ത്തിനു വേണ്ടിയുള്ള നടപടികളുമായി തുറമുഖ കമ്പനി മുന്നോട്ട് പോവുകയാണ്. ഈ വർഷം അവസാനത്തോടെ ഡി.പി.ആർ തയ്യാറാക്കി ആവശ്യമായ അനുമതികൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖത്തോടനു ബന്ധിച്ചുള്ള വ്യവസായ വികസനത്തിനായി ഒരു SEZ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് ബഹു. മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തുറമുഖമായി പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിന് പി. പി. പി. മോഡലിൽ നടന്ന് വരുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പി.പി.പി. മോഡലിൽ പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായുള്ള മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ 29/09/2011-ൽ കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഫിനാൻഷ്യൽ ക്ലോഷറിനായി ഈ കമ്പനിക്ക് പരമാവധി 4 വർഷമാണ് അനുവദിച്ചിരുന്നത്. എന്നാൽ ഇതുവരെ കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ അനുസരിച്ച് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാൻ കൺസഷണയർക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥ അനുസരിച്ച് അവർക്ക് ക്ലോഷർ നോട്ടീസ് നൽകിയിട്ടുണ്ട്. എൻകമ്പ്രൻസ് ഫ്രീ ആയി എല്ലാ ഭൂമിയും കൈമാറിയിട്ടില്ല എന്നാണ് ഇപ്പോൾ അവർ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. ഈ വിഷയത്തിൽ അവരുമായി ആദ്യഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ